No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കീം 2020

## അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ പ്രൊഫൈൽ പരിശോധിക്കേണ്ടതാണ്

2020–21 വർഷത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് രണ്ടാംഘട്ട അലോട്ടുമെന്റ് മുഖേന പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് 2020 ഒക്ടോബർ 24 മുതൽ 31 വരെ പ്രവേശനം അനുവദിച്ചിരുന്നു. കോവിഡ് 19ന്റെ പ്രത്യേക പശ്ചാത്തലത്തിൽ, അതാത് കോളേജുകളിൽ നേരിട്ട് ഹാജരാകാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് വെർച്ച്വൽ അഡ്മിഷൻ മുഖേനയാണ് പ്രവേശനം അനുവദിച്ചിരുന്നത്. 2020 ഒക്ടോബർ 31നകം കോളേജുകളിൽ നേരിട്ടോ വെർച്ച്വൽ ആയോ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിശദാംശം അവരവരുടെ 'Candidate Portal' ൽ ലഭ്യമാക്കിയിട്ടുണ്ട്. 2020 ഒക്ടോബർ 31നകം കോളേജുകളിൽ നേരിട്ടോ വെർച്ച്വൽ ആയോ പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളും പ്രവേശനപരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ 'Keam 2020 Candidate Portal' ൽ അപേക്ഷാ നമ്പറും പാസ്‌വേർഡും നൽകി പ്രവേശിച്ച് പ്രവേശനം സംബന്ധിച്ച വിശദാംശം പരിശോധിക്കേണ്ടതാണ്. പ്രവേശനം നേടിയിട്ടും 'Candidate Portal' ൽ പ്രവേശനം നേടിയതായി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം വിദ്യാർത്ഥികൾ നിർബന്ധമായും 02.11.2020 വൈകിട്ട് 4 മണിക്കകം അതാത് കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 – 2525300**

തിരുവനന്തപുരം
01.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**